# കേരള സർവകലാശാല

നം. പി.ആർ.114/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി - ക്ലാസ്സുകൾ ജൂലൈ നാലിന് ആരംഭിക്കും

കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ (ഗവ., എയ്ഡഡ്, സ്വാശ്രയ), യു.ഐ.ടി, ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിൽ ഒന്നാംവർഷ ബിരുദ (2016-17) ക്ലാസ്സുകൾ ജൂലൈ നാലിന് ആരംഭിക്കും.

### ബി.എഡ് : അപേക്ഷ ഇന്ന് വരെ

കേരള സർവകലാശാല 2016-18 അധ്യയനവർഷത്തേക്കുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേക്കും കേരള സർവകലാശാല കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകളിലേക്കും ബി.എഡ് കോഴ്സിന്റെ പുതുക്കിയ ഷെഡ്യൂൾ പ്രകാരം കോളേജുകളിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 30 വരെ നീട്ടി. ജൂലൈ അഞ്ചിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ജൂലൈ 11, 12 തീയതികളിൽ അഭിമുഖം/ അഡ്മിഷൻ നടത്തുകയും ജൂലൈ 13-ന് ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യും.

### ബി.എഫ്.എ ഫലം

കേരള സർവകലാശാല 2016 മാർച്ചിൽ നടത്തിയ ഒന്ന്, അവസാന വർഷ ബി.എഫ്.എ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 30 വരെ അപേക്ഷിക്കാം.

### ബി.എച്ച്.എം ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2014 അഡ്മിഷൻ) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എൽ.എൽ.ബി പരീക്ഷ മാറ്റി

കേരള സർവകലാശാല ജൂലൈ അഞ്ച്, ഏഴ് തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷകൾ യഥാക്രമം ജൂലൈ 21, 22 രീയതികളിലേക്ക് പുനക്രമീകരിച്ചു.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
29.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098